പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 679** **04-02-2020-ൽ മറുപടിക്ക്**

**പണിമുടക്ക ദിവസം നോബൽ സമ്മാന ജേതാവിനെ തടഞ്ഞ സംഭവം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ദേശീയ പണിമുടക്കിനിടെ സംസ്ഥാന സർക്കാരിന്റെ അതിഥിയായെത്തിയ നോബൽ സമ്മാന ജേതാവായ മൈക്കൽ ലൈവിറ്റിനെയും ഭാര്യയെയും ആലപ്പുഴ കായലിൽ സമരാനുകൂലികൾ തടഞ്ഞ സംഭവം സംസ്ഥാനത്തിനും ടൂറിസം മേഖലക്കും ഉണ്ടാക്കിയ നാണക്കേട് സർക്കാർ വിലയിരുത്തിയോ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം മുഖ്യമന്ത്രി ഒരു സർവ്വകക്ഷിയോഗം വിളിക്കുകയും ഹർത്താലുകൾ, സമരങ്ങൾ തുടങ്ങിയവയിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കുവാനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു. അതിനുശേഷം ഉണ്ടായ ഹർത്താലുകളിൽ നിന്നും സമരങ്ങളിൽ നിന്നും ടൂറിസം മേഖലയുടെ പ്രവർത്തനങ്ങൾക്ക് തടസ്സമൊന്നും നേരിട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ ദേശീയ പണിമുടക്കിനിടെ നോബൽ സമ്മാന ജേതാവായ ശ്രീ. മൈക്കൽ ലൈവിറ്റിനും പത്നിക്കും സമരാനുകൂലികളിൽ നിന്നും മനോവിഷമമുണ്ടാക്കുന്ന രീതിയിലുള്ള അനുഭവം ഉണ്ടായത് വകുപ്പ് ഗൗരവമായി കാണുന്നു. ഇത്തരം സംഭവങ്ങൾ ഒറ്റപ്പെട്ടതാണെങ്കിലും കേരളത്തിന്റെ ടൂറിസം രംഗത്തിന് തിരിച്ചടി നൽകാൻ പോന്നതാണെന്ന് വകുപ്പ് വിലയിരുത്തുന്നു. സർക്കാർ ഈ നിർഭാഗ്യകരമായ സംഭവത്തെ അപലപിക്കുകയും ബഹുമാന്യനായ അതിഥിയോട് ക്ഷമ ചോദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം |
| (ബി) | പണിമുടക്കിൽ നിന്ന് ടൂറിസം മേഖലയെ ഒഴിവാക്കിയിരുന്നതായി നേരത്തെ തന്നെ പണിമുടക്കിലേർപ്പെട്ട സംഘടനകൾ പ്രഖ്യാപിച്ചിരുന്നിട്ടും ഇത്തരം സംഭവമുണ്ടായ സാഹചര്യം സർക്കാർ പരിശോധിച്ചുവോ; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | യാത്രാ സൗകര്യവും സഞ്ചാരികളുടെ സംരക്ഷണവും വിനോദസഞ്ചാര മേഖലക്ക് അനിവാര്യമാണെന്നിരിക്കെ നോബൽ ജേതാവിനെ പോലും അദ്ദേഹം യാത്രചെയ്ത 'പുരവഞ്ചി'യിൽ തടഞ്ഞിട്ട സമരരീതിയെ സർക്കാർ എങ്ങനെയാണ് നോക്കിക്കാണുന്നത്; ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | | സാഹചര്യങ്ങൾ ഭാവിയിൽ ഒഴിവാക്കുന്നതിനായി ഹർത്താൽ, സമരങ്ങൾ തുടങ്ങിയവ പ്രഖ്യാപിക്കുന്ന സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും അംഗങ്ങൾ ബോധവൽക്കരിക്കപ്പെടേണ്ടതുണ്ട്. അതിനായി വകുപ്പ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. നിയമ പരമായ നടപടികളും ഈ കാര്യത്തിൽ കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ